## ചോ:

# "സഭയിലെ അംഗങ്ങൾ യോജിച്ചിരിക്കേണ്ടതുണ്ടോ?"

## ഉത്തരം:

തന്നെ അനുസരിച്ചു പിൻപറ്റുന്ന എല്ലാവരും ഒന്നായി തീരേണ്ടതിനു യോഹന്നാൻ 17-ൽ യേശു പ്രാർത്ഥിക്കയുണ്ടായി: "ഇവർക്കുവേണ്ടി മാത്ര മല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാൻ ഇരിക്കുന്നവർക്കുവേ ണ്ടിയും ഞാൻ അപേക്ഷിക്കുന്നു; നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ; അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ നീ എന്നിലും, ഞാൻ നിന്നിലും ആകുന്നതുപോലെ, അവരും, നമ്മിൽ ആകേണ്ടതിനു തന്നെ" (വാ. 20, 21). കൊരിന്ത്യയിലുള്ള ക്രിസ്ത്യാനികൾക്കു പൗലൊസ് എഴുതിയപ്പോൾ, സഹോദരന്മാരുടെ ഐക്യത്തെ കുറിച്ചു അവൻ എഴുതി.

### നാം സഹോദരന്മാർ ആണ്

കൊരിന്തിലുള്ള ക്രിസ്ത്യാനികൾ അന്യോന്യം എങ്ങനെ ബന്ധപ്പെട്ടിരി ക്കണമെന്നു അറിയുവാൻ വിവിധ വാക്കുകളിലൂടെ പൗലൊസ് പറഞ്ഞിട്ടു ണ്ട്. പാപത്തിൽ നിന്ന് അവരെ വിളിച്ച് ദൈവമുൻപാകെ വിശുദ്ധ ജീവിതം നയിക്കുന്നതിനെ കുറിച്ചു പറഞ്ഞത്, അവർ വിശുദ്ധന്മാർ എന്നാണ് (1 കൊരിന്ത്യർ 1:2). അവർ അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടു, അവരെ ഏകശരീരത്തിലെ അവയവങ്ങൾ ആയിട്ടാണ് പൗലൊസ് പറഞ്ഞത് (1 കൊരിന്ത്യർ 12:12, 27). ആ വിവരണം മറ്റെന്തിനേക്കാളും അധികമായി പറ യുന്നത് അവർ ഒരേ കുടുംബത്തിലെ അംഗങ്ങൾ ആണെന്നും, അതുകൊണ്ടു സഹോദരന്മാർ ആണെന്നും അത്രെ. ഈ തരത്തിൽ അവൻ അവരെ ചുരുങ്ങി യത് ഇരുപതു പ്രാവശ്യം സംബോധന ചെയ്തിട്ടുണ്ട് (1:10, 11, 26; 2:1; 3:1; 4:6; 7:24, 29; 10:1; 11:33; 12:1; 14:6, 20, 26, 39; 15:1, 31, 50, 58; 16:15). കൂടാതെ "അഞ്ഞൂ റിലധികം സഹോദരന്മാർക്കു ഒരുമിച്ചു" ഉയിർത്തെഴുന്നേറ്റ ക്രിസ്തു പ്രത്യക്ഷ നായി എന്നും അവൻ അവരോടു സൂചിപ്പിച്ചിരിക്കുന്നു (1 കൊരിന്ത്യർ 15:6), എഫെസ്യയിലുള്ള "എല്ലാ സഹോദരന്മാരും" കൊരിന്ത്യയിലുള്ള സഹോദര ന്മാർക്കു വന്ദനം ചെയ്തിട്ടുണ്ട് (1 കൊരിന്ത്യർ 16:20).

കൊരിന്ത്യയിലുള്ള സഹോദരന്മാർ ഭൗതികമായി ഒരേ കുടുംബത്തിൽ ഉള്ള വർ ആയിരുന്നില്ല. "കർത്താവിന്റെ സഹോദരന്മാർ" എന്നു പറഞ്ഞപ്പോൾ പൗലൊസ് സൂചിപ്പിച്ചത് വാസ്തവത്തിൽ ഒരു കുടുംബത്തിലുള്ളവരെയാണ് (1 കൊരിന്ത്യർ 9:5). പൗലൊസ് വിചാരിച്ചത് "യാക്കോബിനെയും യോസേയും യൂദായെയും ശീമോനെയുമാണ്" (മർക്കൊസ് 6:3), അവർ യോസേഫിന്റെയും മറിയയുടെയും കുടുംബത്തിലെ യേശുവിന്റെ അർദ്ധ-സഹോദരന്മാരാണ്. ഭൗതികമായ കുടുംബത്തിൽ നിലവിലുള്ള ബന്ധം എടുത്തുകൊണ്ടു കൊരി ന്തിലെ ദൈവത്തിന്റെ ആത്മീയ കുടുംബത്തിന്റെ പ്രാധാന്യം സൂചിപ്പിക്കു

കയായിരുന്നു പൗലൊസ്.

ഒരു ഭവനം കുടുംബമായി അറിയപ്പെടുന്ന ആശയത്തെക്കാൾ അധിക മായ ആശയമാണ് (ഉദാഹരണമായി യോസേഫിന്റെയും മറിയയുടെയും അവ രുടെ മക്കളുടെയും) ഒരാളുടെ പിൻഗാമികൾ ആ മനുഷ്യന്റെ കുടുംബ ത്തിൽ അറിയപ്പെടുക എന്നത്. എല്ലാ യഹൂദന്മാരും, അബ്രഹാം എന്ന വ്യ ക്തിയിലേക്കാണ്, അവരുടെ കുടുംബത്തിന്റെ ആരംഭത്തിനായി നോക്കുന്നത് (മത്തായി 3:9). അനന്യാസ് ശൗലിനെ "സഹോദരാ" എന്നു വിളിച്ചപ്പോൾ (പ്രവൃത്തികൾ 9:17), ദേശീയതയുമായി ബന്ധപ്പെട്ട സന്ദർഭത്തിലുള്ള വാക്കി നെയാണ് അവൻ ഉപയോഗിച്ചത്. ശൗൽ അനന്യാസിന്റെ യെഹൂദ സഹോ ദരനായിരുന്നു, എന്നാൽ അവൻ സ്നാനമേറ്റു കഴിഞ്ഞപ്പോൾ അനന്യാ സിന്റെ കർത്താവിലുള്ള സഹോദരനായി തീർന്നു.

## നാം ഒരു ആത്മീയ കുടുംബമാണ്

ആത്മീയ കുടുംബം എന്ന രീതിയിലേക്ക് ക്രിസ്ത്യാനികൾ യോജിക്കു ന്നതിനെ കുറിച്ചു സംസാരിക്കുന്നത് പരിശുദ്ധാത്മാവിനു പ്രസാദകരമായി രുന്നു, അതിനെ ഒരു മനുഷ്യന്റെ സ്വാഭാവിക കുടുംബത്തോടു ഉപമിക്കു കയും, പിന്നെ അതിനെ, ദേശീയ കുടുംബമായി ചിത്രീകരിക്കുകയും ചെയ്തി ട്ടുണ്ട്. ഒരു ചിത്രീകരണവും പൂർണ്ണമല്ല, എന്നാൽ ആ സാമ്യം അർത്ഥവ ത്താണ്. ആത്മീയകുടുംബത്തിൽ, ദൈവത്തിന്റെ ഭാര്യയായി അമ്മയില്ല, എന്നാൽ ഒരു പിതാവുണ്ട് (1 യോഹന്നാൻ 3:1), മൂത്ത ഒരു സഹോദരനുണ്ട് (റോമർ 8:29), പിന്നെ സഹോദരീസഹോദരന്മാരുമുണ്ട് (എബ്രായർ 2:11).

ആത്മീയമായി, പാപികൾ പിതാവായ ദൈവത്താലും (യാക്കൊബ് 1:18) ദൈവവചനത്താലും (1 പത്രൊസ് 1:23), രണ്ടാമത് വെള്ളത്താലും ആത്മാ വിനാലും ജനിക്കുന്നു (യോഹന്നാൻ 3:5). അവർ അങ്ങനെ അവരുടെ മൂത്ത സഹോദരന്റെ സഹോദരീസഹോദരന്മാരായി തീരുന്നു (അവൻ അവരെ കുറിച്ച് ലജ്ജിക്കയില്ല; എബ്രായർ 2:11).

## നാം സ്നേഹത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു

ഭൗതികമായി നല്ല ഒരു കുടുംബം സാഹോദര്യ സ്നേഹത്തെ ആസ്വദി ക്കുന്നു, അതുകൊണ്ടു ദൈവം തന്റെ ആത്മീയ ഭവനത്തെയും സഹോദര ങ്ങളുടെ സ്നേഹവും സന്തോഷവും പരിശീലിച്ചാസ്വദിക്കുവാൻ രൂപപ്പെടു ത്തിയിരിക്കുന്നു. ഗ്രീക്കുവാക്കായ *ഫിലാദെൽഫിയ*, അർത്ഥം "സഹോദര പ്രീതി" എന്നത്, ആസ്യയിലെ ഏഴു സഭകളിൽ ഒന്നു സ്ഥിതി ചെയ്യുന്ന ഒരു പട്ടണത്തിന്റെ പേരായിരുന്നു (വെളിപ്പാട് 3:7), ആ പേരാണ് "സിറ്റി ഓഫ് ബ്രദർലി ലൗവ്" എന്നപേരിൽ ഒരു അമേരിക്കൻ മെട്രോപോളിസ് ഇട്ടിരിക്കുന്നതു. പരിശുദ്ധാത്മാവു, *ഫിലദെൽഫിയയെ* കുറിച്ചു, അധികം എഴുതിയിരിക്കുന്നതിൽ അതിശയിക്കുവാനില്ല:

> *സഹോദരപ്രീതിയിൽ* [*ഫിലദെൽഫിയ*] തമ്മിൽ സ്ഥായിപൂണ്ടു; ബഹുമാ നിക്കുന്നതിൽ അന്യോന്യം മുന്നിട്ടുകൊൾവിൻ (റോമർ 12:10; എംഫസിസ് മൈൻ).

> *സഹോദരപ്രീതിയെ കുറിച്ചു* [*ഫിലദെൽഫിയ*], നിങ്ങൾക്കു എഴുതു

വാൻ ആവശ്യമില്ല, അന്യോന്യം സ്നേഹിപ്പാൻ നിങ്ങൾ ദൈവത്താൽ ഉപദേശം പ്രാപിച്ചതല്ലാതെ; മക്കെദോന്യയിൽ എങ്ങുമുള്ള സഹോദരന്മാരോടു ഒക്കെയും അങ്ങനെ ആചരിച്ചും പോരുന്നുവല്ലോ ... (1 തെസലൊനിക്യർ 4:9–11; എംഫസിസ് മൈൻ).

*സഹോദരപ്രീതി* [*ഫിലദെൽഫിയ*] നിലനിൽക്കട്ടെ (എബ്രായർ 13:1; എംഫസിസ് മൈൻ).

നിങ്ങൾ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ *സഹോദരപ്രീതിക്കാ*യി [*ഫിലദെൽഫിയ*], നിർമ്മലീകരിച്ചിരിക്കകൊണ്ടു ഹൃദയപൂർവ്വം അന്യോന്യം സ്നേഹിപ്പിൻ (1 പത്രൊസ് 1:22; എംഫസിസ് മൈൻ).

## നാം ഐക്യത പിൻതുടരണം

### ഐക്യത സുഖകരവും നല്ലതുമാണ്

ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചുവസിക്കുന്നത്
എത്ര ശുഭവും എത്ര മനോഹരവുമാകുന്നു!
അതു വസ്ത്രത്തിന്റെ വിളുമ്പിലേക്കു,
നീണ്ടുകിടക്കുന്ന താടിയിലേക്ക്,
അഹരോന്റെ താടിയിലേക്കു തന്നെ,
ഒഴുകുന്നതായി അവന്റെ തലയിലെ വിശേഷതൈലം പോലെ. സീയോൻ പർവ്വതത്തിൽ പെയ്യുന്ന
ഹെർമോന്യ മഞ്ഞുപോലെയും ആകുന്നു;
അവിടെയല്ലോ യഹോവ അനുഗ്രഹവും -
ശാശ്വതമായുള്ള ജീവനും കല്പിച്ചിരിക്കുന്നത്
(സങ്കീർത്തനം 133:1–3).

ചില കാര്യങ്ങൾ നമുക്കു നല്ലതാണ്, എന്നാൽ സുഖമുള്ളതല്ല: ഉദാഹരണമായി, ജോലിയും (നോക്കുക തീത്തോസ് 3:14) അച്ചടക്കവും (സദൃശവാക്യങ്ങൾ 13:24; എബ്രായർ 12:11). ചില കാര്യങ്ങൾ സുഖമുള്ളതാണ്, എന്നാൽ നമുക്കു നല്ലതല്ല: “പാപത്തിന്റെ സുഖം” (എബ്രായർ 11:25), അമിതമായ നിദ്രയും അമിത ഭക്ഷണവും (സദൃശവാക്യങ്ങൾ 6:10, 11; 23:21). ആരോ പറഞ്ഞത് താൻ ആസ്വദിച്ചതെല്ലാം ഒന്നുകിൽ നിയമവിരുദ്ധമോ, അധാർമ്മികമോ, അല്ലെങ്കിൽ കൊഴുപ്പിക്കുന്നതോ ആയിരുന്നു എന്നാണ്! ഒരു കാര്യം നമുക്കു നല്ലതും അതേസമയത്ത് സുഖവുമായതുണ്ട്: ഏകഹൃദയത്തിലും ഏകാത്മാവിലും സഹോദരങ്ങൾ ഒത്തൊരുമിച്ചു വസിക്കുന്നത്.

നമ്മെ സുഖകരമായ ഐക്യത മനസ്സിലാക്കുവാൻ, പരിശുദ്ധാത്മാവു സുഗന്ധതൈലത്തോടു, മൂരും സുഗന്ധമുള്ള, ലവംഗവും ചേർക്കുന്ന മിശ്രിതത്തെ കുറിച്ചുള്ള, ചിത്രീകരണം ഉപയോഗിച്ചിരിക്കുന്നു (പുറപ്പാട് 30:23 –33). ആ മിശ്രിതം “ഒരു തൈലക്കാരന്റെ പ്രവർത്തിയിൽ നിന്ന്, ഉണ്ടാക്ക

പ്പെട്ടതായ മിശ്രിതത്തെ, ഒരു വിശുദ്ധ അഭിഷേക തൈലമായി പറഞ്ഞിരിക്കുന്നു." ആ അഭിഷേകം നടത്തുവാൻ പുരോഹിതനെ അല്ലാതെ മറ്റാരെയും അനുവദിച്ചിരുന്നില്ല. സുഖകരമായ മണം വിട്ടുപോകുന്ന ഓരോ പുരോഹിതനെയും സാഹോദര്യഐക്യവുമായി താരതമ്യം ചെയ്യാവുന്നതാണ്.

സാഹോദര്യ ഐക്യതയെ പുകഴ്ത്തുന്നതിനു ദാവീദ് ഉപയോഗിച്ചതാണ് രണ്ടാമത്തെ ചിത്രീകരണം: ഹെർമോൻ പർവ്വതത്തിൽ നിന്ന് മഞ്ഞു ആവിയായപ്പോൾ (9, 200 അടി ഉയരത്തിൽ), മൂടൽ മഞ്ഞ് 120 മൈൽ തെക്കോട്ടു മാറുകയും, അതു സീയോൻ പർവ്വതത്തിൽ മഞ്ഞായി തീരുകയും ചെയ്തു (2, 500 അടി ഉയരത്തിൽ). യെരുശലേമിലെ യെഹൂദന്മാർ, തോട്ടങ്ങളിലും പുഷ്പങ്ങളിലും മഞ്ഞു കണ്ടപ്പോൾ, ശുഭവും സുഖവും ഉള്ളവരായി തീർന്നു. നന്നായി-ചിന്തിക്കുന്ന ഏതൊരാളും സഹോദരങ്ങൾ ഒത്തൊരുമിച്ചു വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതു കാണുമ്പോൾ അതുപോലെ പ്രതികരിക്കും.

### ഭിന്നത വികൃതമാണ്

സഹോദരന്മാർ ഒത്തൊരുമിച്ച് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യാതിരിക്കുന്നതിന്റെ ഉദാഹരണം നമുക്ക് കയ്യീൻ തന്റെ സഹോദരനെ കൊന്നതിലും ഇരുപതു-വയസായിരുന്ന ഇസ്മായേലിനെ അവന്റെ സഹോദരനിൽ നിന്നകറ്റിയതിലും കാണാം (ഉല്പത്തി 4:8; 21:9). അതുപോലെ, യാക്കൊബ് തന്റെ ഇരട്ട സഹോദരനെ ചതിച്ചപ്പോൾ, "ഏശാവു യാക്കൊബിനെതിരെ പക വെച്ചുകൊണ്ടിരുന്നതിലും" (ഉൽപത്തി 27:41) അവനെ കൊല്ലുവാൻ ആലോചനയിട്ടതിലും അതിശയിക്കുവാനില്ല. സഹോദരന്മാർക്കിടയിൽ വഴക്കുണ്ടാക്കുന്നതു യഹോവക്കു വെറുപ്പാകുന്നു (നോക്കുക സദൃശവാക്യങ്ങൾ 6:16-19). ആ മുന്നറിയിപ്പുകളും ഉദാഹരണങ്ങളും ഉണ്ടായിട്ടും, "അന്യോന്യം കടിച്ചുകീറുന്ന" സഹോദരീസഹോദരന്മാരും, ചില "കള്ള സഹോദരന്മാരും" ഉണ്ട് (ഗലാത്യർ 5:15; 2:4).

### വേർപിരിയൽ സമാധാനമുണ്ടാക്കിയേക്കാം

ഒന്നിച്ചു ജീവിക്കേണ്ടതു പ്രാധാന്യമുള്ളതായിരിക്കുന്നതുപോലെ, വേർപിരിഞ്ഞിരിക്കുന്നതിനേക്കാൾ മോശമായതു മറ്റൊന്നില്ല: ഒരു പട്ടിയുടേയും പൂച്ചയുടേയും ജീവിതം പോലെ, പരസ്പരം കടിച്ചുകീറുവാൻ ഭാവിക്കുന്ന സ്വഭാവം സഹോദരങ്ങൾ തമ്മിലുണ്ടായാൽ, ഫലം ആത്മാക്കളുടെ നഷ്ടം ആയിരിക്കും. എന്നാൽ ബുദ്ധിമാനായ അബ്രഹാം, ലോത്തിന്റെ ആളുകളുമായി ഒരുമിച്ചു കഴിഞ്ഞാലുണ്ടാകുവാനിടയുള്ള പ്രശ്നങ്ങൾ ഒഴിവാക്കുവാനായി, സൗഹൃദമായി വേർപിരിഞ്ഞു. ഏതൊരു സാഹചര്യത്തിലും കലഹം ഉണ്ടാകുവാൻ അനുവദിക്കരുത് എന്ന് അവന് അറിയാമായിരുന്നു കാരണം, "നാം സഹോദരന്മാരല്ലൊ" (ഉല്പത്തി 13:8). വേർപിരിയൽ ആദർശപരമല്ല, എന്നാൽ രണ്ടു തിന്മകൾ കുറക്കുവാനും, അതിൽനിന്നു പുറത്തു കടക്കുവാനുമാണ് അബ്രഹാം ആഗ്രഹിച്ചത്.

പൗലൊസും ബർന്നബാസും തമ്മിൽ "അല്പമല്ലാത്ത വാദം" ഉണ്ടായപ്പോൾ (പ്രവൃത്തികൾ 15:39), ഉത്തമസഹോദരങ്ങൾ തമ്മിൽ പോലും നിരപ്പിലെത്താൻ കഴിയാതെ വന്നപ്പോൾ, ഒരു വേർപിരിയൽ കൂടുതൽ നന്മക്കായി ഭവിച്ചു. അതുപോലെ, ഇടവകകൾ അന്യോന്യം വഴക്കടിക്കുന്നതി

നുപകരം, വേർപിരിയുന്നത് കർത്താവിന്റെ നാമം നിമിത്തം, ചിലപ്പോൾ കൂടുതൽ നന്മക്കായി ഭവിക്കും.

## നീതി ഒരുപക്ഷെ വേർപിരിയൽ ആവശ്യപ്പെട്ടേക്കാം

മുകളിൽ പറഞ്ഞ മാതൃകകളിൽ, ശരിയുടെയും തെറ്റിന്റേയും തത്വം വേർപിരിയൽ ആവശ്യപ്പെടുന്നില്ല; എന്നാൽ യോജിപ്പു തെറ്റായിവരുന്ന വിഷയങ്ങളും ഉണ്ട്. ഒരു സഹോദരനെ പുറത്താക്കുന്നതു കൊരിന്ത്യസഭക്കു നന്നായി തോന്നിയില്ല, എന്നാൽ അത്തരം ഒരാളെ സഭയിൽ വെച്ചുകൊണ്ടിരുന്നാൽ കൊടുക്കേണ്ട വില വലുതാണ് (1 കൊരിന്ത്യർ 5:13).

പരിഛേദനയെക്കുറിച്ചുള്ള ചോദ്യത്തിനു യെരുശലേമിലെ യെഹൂദക്രിസ്ത്യാനികളുമായി ഐക്യതയുണ്ടാക്കുവാൻ പൗലൊസ് ആഗ്രഹിച്ചു. അവൻ എല്ലാവർക്കും വേണ്ടി എപ്പോഴും എല്ലാം ആകുവാനായിരുന്നു ആഗ്രഹിച്ചത് (1 കൊരിന്ത്യർ 9:22). എങ്ങനെയായാലും, ജാതിയിൽ നിന്നുവന്ന ക്രിസ്ത്യാനിയെ പരിഛേദന കഴിക്കണമെന്നു വന്നപ്പോൾ, ഐക്യതക്കു കൊടുക്കേണ്ട വില വലുതാണെന്നു പൗലൊസിനു തോന്നി. അത്തരം ആവശ്യക്കാരായ സഹോദരന്മാരോടു പൗലൊസ് വഴങ്ങികൊടുത്തില്ല "സുവിശേഷത്തിന്റെ സത്യം അവരോടുകൂടെ നിലനില്ക്കേണ്ടതിന്നു, അവരോടു ഒരു നാഴിക പോലും ..." (ഗലാത്യർ 2:5). ഇന്നു, ബൈബിൾ ക്ളാസ്, സഭ-സഹായിക്കുന്ന അനാഥാലായം, സഭകൾ തമ്മിലുള്ള സഹകരണം എന്നിവ, ഐക്യതയുടെ പേരിൽ വേണ്ട എന്നു തീരുമാനിക്കുകയാണെങ്കിൽ അവർ മനുഷ്യനിയമ നിർമ്മാതാക്കളായിതീരുന്നു. സഭ അതിന്റെ സ്വാതന്ത്ര്യത്തിൽ തന്നെ നിൽക്കണമെന്നു വിശ്വസിക്കുന്നവർ (ഗലാത്യർ 5:1 നോക്കുക), ഫലം ഭിന്നതയാണെങ്കിലും, ബൈബിൾ ക്ലാസ്, അനാഥാലയം, വലിയ നന്മക്കായുള്ള സഭകളുമായുള്ള സഹകരണം എന്നിവ ഒഴിവാക്കുകയില്ല.

അതുപോലെ, ദുരുപദേശത്തെ സംബന്ധിച്ച്, എത്രത്തോളം സഹിക്കാമെന്നതു ഓരോരുത്തരും തീരുമാനിക്കണം. ബൈബിൾപരമായി, സ്വർഗിയ കല്പന പ്രമാണിക്കേണ്ട ഒരു സമയമുണ്ടാകും: "സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിനു വിപരീതമായ ദ്വന്തപക്ഷങ്ങളെയും, ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു, അവരോടു അകന്നുമാറുവിൻ" (റോമർ 16:17).

## "ഉപദേഷ്ടാക്കന്മാരുടെ പക്ഷം പിടിക്കുന്നതു" നാം ഒഴിവാക്കണം

1 കൊരിന്ത്യരിലെ സന്ദേശം വ്യക്തമാക്കുന്നതു "ഉപദേഷ്ടാക്കന്മാരുടെ പക്ഷം പിടിക്കുന്ന" മോശമായ ഒരു പ്രവണത അന്നു കൊരിന്ത്യപട്ടണത്തിലുണ്ടായിരുന്നു എന്നാണ്. അവർ ഭാഗം തിരിഞ്ഞു, പറഞ്ഞു, "'ഞാൻ പൗലൊസിന്റെ പക്ഷക്കാരൻ', 'ഞാൻ അപ്പൊല്ലൊസിന്റെ പക്ഷക്കാരൻ,' 'ഞാൻ കേഫാവിന്റെ പക്ഷക്കാരൻ,' 'ഞാൻ ക്രിസ്തുവിന്റെ പക്ഷക്കാരൻ'" (1 കൊരിന്ത്യർ 1:12).

"ഉപദേഷ്ടാക്കന്മാരുടെ പക്ഷം പിടിക്കൽ" പാപം ആണെങ്കിലും, ഉപദേഷ്ടാക്കന്മാർ പ്രാധാന്യമുള്ളവരാണ് എന്നതു സത്യമാണ്. ഒരു ചങ്ങലയിലെ കണ്ണിപോലെ പാപികളെ രക്ഷകന്റെ അടുത്തെത്തിക്കുന്ന, സ്വർഗീയ പദ്ധതിയിലെ പങ്കാളികളാണ് അവർ (റോമർ 10:13-15). എന്നിരുന്നാലും, ഉപദേഷ്ടാക്കന്മാർക്ക് അവരിൽ തന്നെ വലിയ പ്രാധാന്യമില്ല. വ്യക്തിപരമായി,

അവർക്കു ഒരു കൃപയും പകരാൻ സാധ്യമല്ല. പൗലൊസ് എഴുതി:

> അപ്പൊല്ലോസ് ആർ? പൗലൊസ് ആർ? തങ്ങൾക്കു കർത്താവു നല്കിയതുപോലെ നിങ്ങൾ വിശ്വസിപ്പാൻ കാരണമായിതീർന്ന, ശുശ്രൂഷക്കാരത്രേ. ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്. ആകയാൽ, വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനക്കുന്നവനും ഏതുമില്ല (1 കൊരിന്ത്യർ 3:5–7).

നൂറ്റാണ്ടുകളായി, അറിയിക്കപ്പെടാത്ത ആളുകൾ, ശക്തരായ ഉപദേഷ്ടാക്കന്മാരുടെ വ്യക്തിത്വത്തിൽ ആകൃഷ്ടരായി, ക്രിസ്തുവിലേക്കു നോക്കാതെ മാനുഷ അദ്ധ്യക്ഷതയെ നോക്കി അനേകർ പോയിട്ടുണ്ട്.

## ഉപസംഹാരം

ക്രിസ്ത്യാനികൾ, തങ്ങളെ പഠിപ്പിച്ചു നയിച്ച ഉപദേഷ്ടാവിനോടല്ല ഭക്തി കാണിക്കേണ്ടത്, പിന്നെയോ ക്രിസ്തുവിനോടാണ്. പുതിയനിയമത്തിൽ, അതായത് അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽ മാത്രമാണ് ക്രിസ്തുവിൽ കേന്ദ്രീകരിച്ചുള്ള ഐക്യതയുടെ നിലവാരം ഉള്ളത് (പ്രവൃത്തികൾ 2:42). മതത്തിൽ സത്യം ഏത് എന്നും അസത്യത്തിന്റെ ആത്മാവ് ഏത് എന്നും അതിൽ നമുക്കു പഠിക്കാം (1 യോഹന്നാൻ 4:6). "വിശ്വാസത്തിന്റെ ഐക്യത" പുതിയനിയമത്തിൽ മാത്രമാണുള്ളത് (എഫെസ്യർ 4:13). നമ്മുടെ ജീവിതം ക്രിസ്തുവിൽ കേന്ദ്രീകരിക്കണം, "അവൻ വഴിയും, സത്യവും, ജീവനും ആകുന്നു" (യോഹന്നാൻ 14:6). ഇതു പ്രായോഗികമായി ചെയ്യുവാൻ, നാം "സുവിശേഷം, എന്ന സത്യവചനം" വിപുലീകരിക്കണം (കൊലൊസ്യർ 1:5).